ക്കുറിച്ചും ആഗ്രഹിക്കുന്നത്. നാം പിടിച്ചിരിക്കുന്ന വിശ്വാസം ഒരിക്കലും ബലി കഴിക്കുവാൻ പാടില്ല. "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി" നാം പോരാടേണ്ടവരാണ് (യൂദാ 3). ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന വിധത്തിൽ ആയിത്തീരുവാനും വിശുദ്ധിയോടെ ജീവിക്കുവാനും അനശ്വരനായ ദൈവം നമ്മെ സഹായിക്കട്ടെ!

---



# അവതാരിക

യിസ്രായേലിനെ വശീകരിച്ച്, അവരെ നശിപ്പിക്കുവാൻ പ്രവാചകനായ ബിലയാം മിദ്യാന്യരെ ഉപദേശിച്ചതായി നെഹമ്യാവ്, മീഖാ, യോശുവ മുതലായവർ എടുത്തു പറഞ്ഞിട്ടുണ്ട്

മിസ്രയീമിലെ ഫറവോന്, യിത്രോ, ഇയ്യോബ്, ബിലയാം എന്നീ മൂന്നു ഉപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നതായും യിസ്രായേൽ ജനം പെരുകി പ്രബലമായ പ്രക്ഷോഭമുണ്ടാക്കി മിസ്രയീമ്യരുടെ മേൽ ജയം പ്രാപിക്കാതിരിക്കുവാനും അവരെ അടിമനുകത്തിൽ കുടുക്കി വെയ്ക്കുവാനുമായി ബിലയാം എന്ന പ്രവാചകനെ നിയോഗിച്ചിരുന്നതായും ഒരു യഹൂദ കഥയിൽ പറയുന്നു.

പതിനഞ്ചു വർഷങ്ങൾക്കു മുമ്പ് ഞാൻ കുവൈറ്റിൽ ചെയ്ത പ്രസംഗത്തിൻെറ പ്രസ്കത ഭാഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാലത്തിൻെറ കടന്നുപോക്കിൽ ദൈവത്തോടുള്ള ഭയഭക്തിയാദരവു കുറഞ്ഞു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇന്നത്തെ വിശ്വാസികൾക്കും സഭാനേതാക്കന്മാർക്കും ശുശ്രൂഷകന്മാർക്കും ആത്മപരിശോധന നടത്തി ആത്മീയമായി മുന്നേറുവാൻ ഈ ലഘുഗ്രന്ഥം ഉപകരിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ട് അനുവാചകസമക്ഷം ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുന്നു.

നോയൽ ഡാനിയേൽ

ഡിസംബർ 15, 2009

## യിസ്രായേൽ യോർദ്ദാനക്കരെ മോവാബ് സമഭൂമിയിൽ

മുപ്പതു ലക്ഷത്തിൽ അധികം യിസ്രായേൽ ജനം മരുഭൂമിയിൽ നീണ്ട നാല്പ്പതു സംവത്സരം ഏകദേശം നാല്പ്പത്തിഒന്നു പാളയങ്ങൾ അടിച്ചു നീങ്ങിയതിനു ശേഷമാണ് പാലും തേനും ഒഴുകുന്ന വാഗ്ദത്തനാട്ടിൽ ചെന്നു ചേർന്നത്. ദൈവത്തിൻെറ സകല വാഗ്ദത്തങ്ങളും നമ്മുടെ അവകാശമാക്കേണ്ടതിന് നാം നടക്കേണ്ടതായ ചെറുതോ വലുതോ ആയ ഒരു മരുഭൂമിയുണ്ട്. ആ മരുഭൂമി നടന്നു ചെന്നാൽ വാഗ്ദത്തനാടു നമുക്കു ലഭിക്കും. അത് മരുഭൂമിയുടെ അപ്പുറത്താണ്.

ഏകദേശം 1.75 മൈൽ നീളത്തിലും 1.8 മൈൽ വീതിയിലും മോവാബ് സമഭൂമിയിൽ പാളയമടിച്ചു പാർക്കുന്ന, യിസ്രായേൽ ജനത്തെ അഥവാ മരുഭൂമിയിലെ സഭയെക്കുറിച്ച് ബിലയാം എന്നു പറയുന്ന ജാതീയ പ്രവാചകൻ പ്രവചിച്ചു പറഞ്ഞതാണ്: “ഇതാ തനിച്ചു പാർക്കുന്നോരു ജനം, ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല” (സംഖ്യ.23:9). ബിലയാമിന് ആദ്യം ദൈവം കൊടുത്ത വെളിപ്പാടാണിത്. അവരെ കണ്ടാൽ ദൈവമക്കൾ ആണെന്ന് തിരിച്ചറിയത്തക്ക നിലയിൽ ജീവിതത്തിൽ ദൈവത്തിനു മഹത്വം കൊടുക്കുന്നവരാണെന്ന് ബിലയാം പറഞ്ഞു.

മരുഭൂമിയിലെ ജനം ജാതികളിൽ നിന്നും വേർപെട്ടവരാണ്. അവർ വേർപെട്ട് തനിച്ചു പാർക്കുന്നവരാണ്. ഇവരാണ് സാക്ഷാൽ വേർപാടുകാർ. ഫറവോൻെറ അടിമത്വത്തിൽ, ചൂടേറിയ ചൂളയിൽ കിടന്ന് കഠിനവേല ചെയ്തു കഷ്ടപ്പെട്ട ജനത്തെ ശക്തനായ ഫറവോനും അവൻെറ സൈന്യത്തിനും തടഞ്ഞു നിർത്തുവാൻ കഴിഞ്ഞില്ല. അവരുടെ മുമ്പാകെ ചെങ്കടൽ പിളരുകയും യോർദ്ദാൻ പിൻവാങ്ങിപ്പോവുകയും ചെയ്തു.

അവർ മോവാബിൻെറ പ്രദേശത്തുള്ള താഴ്വരയിലേക്കും മരുഭൂമിക്കെതിരെയുള്ള പിസ്ഗാമുകളിലേക്കും യാത്ര ചെയ്തു. എന്നാൽ അമോര്യരുടെ രാജാവായ സീഹോൻ തൻെറ ദേശത്തു കൂടി യിസ്രായേൽ കടന്നുപോകുവാൻ സമ്മതിക്കാതെ ജനത്തെയെല്ലാം ഒന്നിച്ചുകൂട്ടി യിസ്രായേലിനോടു യുദ്ധം ചെയ്തു. യിസ്രായേൽ അവനെ വാളിൻെറ വായ്ത്തലകൊണ്ടു വെട്ടി.



രിക്കുന്നു. ഇവരത്രേ പെയോരിൻെറ സംഗതിയിൽ ബിലയാമിൻെറ ഉപദേശത്താൽ യിസ്രായേൽ മക്കൾ യഹോവയോടു ദ്രോഹം ചെയ്യുവാനും യഹോവയുടെ സഭയിൽ ബാധ ഉണ്ടാകുവാനും ഹേതുവായത്” (സംഖ്യ.31:15).

### സംഗ്രഹം

ബിലയാമിൻെറ ഉപദേശത്താൽ യിസ്രായേൽ ബാൽ പെയോരിനോടു ചേർന്നതും ദൈവത്തിൻെറ ശിക്ഷയും (1കൊരി.10:8; റോമ.15:4) ഈ കാലയളവിൽ ജീവിക്കുന്ന വിശ്വാസികൾക്ക് ഒരു മുന്നറിയിപ്പായിരിക്കട്ടെ! ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ (1പത്രൊ.2:17). ദൈവഗൃഹം നാം തന്നെ (എബ്രാ.3:6). ദൈവന്യായവിധി വിശുദ്ധമന്ദിരത്തിലും മൂപ്പന്മാരുടെ ഇടയിലും തുടങ്ങി (യെഹെ. 9:6). ഇതു ദൃഷ്ടാന്തമായിട്ടു അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിന്നായി എഴുതിയിരിക്കുന്നു (1കൊരി.10:11).“എൻെറ ജനമേ, നിങ്ങൾ യഹോവയുടെ നീതിപ്രവൃത്തികളെ അറിയേണ്ടതിന്നു മോവാബ് രാജാവായ ബാലാക് ആലോചിച്ചതും ബെയോരിൻെറ മകനായ ബിലയാം ഉത്തരം പറഞ്ഞതും ശിത്തീം മുതൽ ഗിൽഗാൽ വരെ സംഭവിച്ചതും ഓർക്കുക” (മീഖാ 6:5)

യിസ്രായേലിനെക്കുറിച്ച് ദൈവം പറഞ്ഞു: അവർ വേർപെട്ട് തനിച്ചു പാർക്കുന്നവരാണ്; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല. നമ്മുടെ സാക്ഷ്യവും ഇതായിരിക്കട്ടെ. ദൈവസഭയെ “നിർമ്മല കന്യക” എന്നാണല്ലോ അപ്പൊസ്തലനായ പൗലോസ് വിഭാവനം ചെയ്തിരിക്കുന്നത്. “ഞാൻ നിങ്ങളെ ക്രിസ്തുവെന്ന ഏകപുരുഷനു നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു” (2കൊരി. 11:2,3). സഭ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്യപ്പെട്ട നിർമ്മല കന്യകയാണ്. അതുകൊണ്ട് കറ, ചുളുക്കം, വാട്ടം, മാലിന്യം എന്നിവയില്ലാത്ത വിശുദ്ധ കന്യകയായിരിക്കണമെന്നാണ് പിതാവും പരിശുദ്ധാത്മാവും ഏതു സ്ഥലം സഭയെ

ളിൽ മാത്രം ഒതുങ്ങി നില്ക്കുന്ന വെറും ഒരു വാക്കായോ ആശയമായോ അത് അധ:പതിച്ചു പോയിരിക്കുകയല്ലേ?

യഹോവ മോശെയോടു കല്പിച്ചതുപോലെ 12,000 യിസ്രായേൽ മിദ്യാന്യരുമായി യുദ്ധത്തിനു പോയി. യുദ്ധത്തിൽ യിസ്രായേൽ മിദ്യാന്യരെ തോല്പ്പിക്കുകയും അഞ്ചു മിദ്യാന്യ രാജാക്കന്മാരെ വാളുകൊണ്ട് വെട്ടിക്കൊല്ലുകയും ചെയ്തു. അപ്പോൾ ഒരാൾ കൂടി അവിടെ നില്ക്കുന്നു: "നിഹതന്മാരുടെ കൂട്ടത്തിൽ.... ബെയോരിൻെറ മകനായ ബിലയാമിനെയും അവർ വാളുകൊണ്ട് കൊന്നു" (സംഖ്യ.31:8). ബിലയാം പ്രാർത്ഥിച്ചത്, "ഭക്തൻ മരിക്കുന്നതുപോലെ മരിക്കണം" എന്നാണ്. എന്നാൽ ഭക്തൻ മരിച്ചതുപോലെയല്ല ബിലയാം മരിച്ചത്. അവൻെറ ആഗ്രഹവും അന്ത്യവും തമ്മിൽ എന്തൊരു അന്തരം? ഭക്തൻ മരിക്കുന്നതുപോലെ മരിക്കണമെങ്കിൽ ഭക്തൻ ജീവിക്കുന്നതുപോലെ ജീവിക്കണം. "തൻെറ ഭക്തന്മാരുടെ മരണം യഹോവക്കു വിലയേറിയാകുന്നു" (സങ്കീ.116:15). എന്നാൽ ദുഷ്ടൻെറ മരണത്തിൽ ദൈവം പ്രസാദിക്കുന്നില്ല. "ദുഷ്ടൻെറ മരണത്തിൽ എനിക്കു അല്പമെങ്കിലും താല്പര്യമുണ്ടോ?" (യെഹെ.18:23).

ബിലയാമിനെ വെട്ടിക്കൊന്നത് ബാലാക്കിൻെറ നാട്ടിൽ വെച്ചാണ്. ബിലയാം എങ്ങനെ മിദ്യാന്യരുടെ സ്ഥലത്തു വന്നു? മിദ്യാന്യരെ അനുഗ്രഹിക്കുവാനായി ബാലാക് കൂലിക്കു വിളിച്ചു കൊണ്ടു വന്നതായിരിക്കാം. കൂലി കൊതിച്ചു ചെന്ന ബിലയാമിന് തൻെറ ഗ്രഹം നിറയെ വെള്ളിയും പൊന്നും ലഭിച്ചെങ്കിലും യുദ്ധത്തിൽ ബിലയാമിനെയും അവർ വെട്ടിക്കൊന്നു. ബിലയാമിന് ദൈവത്തിൻെറ അരുളപ്പാട് ലഭിച്ചവനാണ്. അവൻ നില്ക്കേണ്ടത് യിസ്രായേലിനോടു കൂടെ ആയിരുന്നു. പക്ഷെ അവൻ നില്ക്കേണ്ട സ്ഥാനത്ത് നില്ക്കാഞ്ഞതു കൊണ്ട് വെട്ടേറ്റു. ഭക്തിയുടെ മുഖംമൂടി മാത്രമേ അവനുണ്ടായിരുന്നുള്ളൂ. നാം ആരുടെ പക്ഷത്താണു നില്ക്കുന്നത്? യഹോവയുടെ  പക്ഷത്തോ ശത്രുവിൻെറ പക്ഷത്തോ?

യുദ്ധം കഴിഞ്ഞു സ്ത്രീകളെയും കുഞ്ഞുങ്ങളെയും ബദ്ധരാക്കി കൊണ്ടുവന്ന സൈന്യനായകന്മാരോടു മോശെ കോപിച്ചു പറയുന്നു: "നിങ്ങൾ സ്ത്രീകളെ എല്ലാം ജീവനോടെ വെച്ചി



പിന്നെ അവർ തിരിഞ്ഞു ബാശാൻ വഴിയായി പോയി; ബാശാൻ രാജാവായ ഓഗ് തൻെറ സകലജനവുമായി അവരുടെ നേരെ പുറപ്പെട്ടു. യിസ്രായേൽ ഓഗിനെയും അവൻെറ സകല ജനത്തെയും സംഹരിച്ചു, അവൻെറ ദേശത്തെ കൈവശമാക്കുകയും ചെയ്തു.

അങ്ങനെ യിസ്രായേൽമക്കൾ യാത്ര പുറപ്പെട്ടു യെരിഹോവിൻെറ സമീപത്തു യോർദ്ദാനക്കരെ മോവാബ് സമഭൂമിയിൽ പാളയമിറങ്ങി. ഈ സമഭൂമി മോവാബ് അമോര്യരുടെ കയ്യിൽ നിന്നും പിടിച്ചെടുത്തതാണ് (സംഖ്യ.21:26). യിസ്രായേൽ ചുറ്റുപാടുമുള്ള അമോര്യ രാജാവായ സീഹോനോടും ബാശാൻ രാജാവായ ഓഗിനോടും ചെയ്തതൊക്കെയും സിപ്പോരിൻെറ മകനായ ബാലാക് കേട്ടപ്പോൾ മോവാബ്യർ എല്ലാവരും ഏററവും ഭയപ്പെട്ടു. "ജനം വളരെയായിരുന്നതു കൊണ്ട് മോവാബ് ഏററവും ഭയപ്പെട്ടു. അവരുടെ ഉള്ള് ഉരുകിപ്പോയി. കാള വയലിലെ പുല്ലു നക്കിക്കളയുന്നതുപോലെ ഈ കൂട്ടം നമ്മുടെ ചുറ്റുമുള്ള എല്ലാവരെയും അവർ നക്കിക്കളയും എന്നു പറഞ്ഞു" (സംഖ്യ.22:3-4). രാഹാബ് എന്ന വേശ്യ ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. "നിങ്ങൾ മിസ്രയീമിൽ നിന്നു പുറപ്പെട്ടു വരുമ്പോൾ യഹോവ നിങ്ങൾക്കു വേണ്ടി ചെങ്കടലിലെ വെള്ളം വററിച്ചതും യോർദ്ദാന്നക്കരെവെച്ചു നിങ്ങൾ നിർമ്മൂലമാക്കിയ സീഹോൻ, ഓഗ് എന്ന രണ്ടു അമോര്യ രാജാക്കന്മാരോട് ചെയ്തതും ഞങ്ങൾ കേട്ടു. കേട്ടപ്പോൾതന്നേ ഞങ്ങളുടെ ഹൃദയം ഉരുകി; നിങ്ങളുടെ നിമിത്തം എല്ലാവർക്കും ധൈര്യം കെട്ടുപോയി; നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു" (യോശു. 2:10, 11).

## യിസ്രായേലിനെ ശപിക്കുവാൻ ബാലാക് ബിലയാമിനെ ക്ഷണിക്കുന്നു

അവൻെറ സ്വജാതിക്കാരുടെ ദേശത്ത്, അങ്കകലെ നദീതീരത്ത് എവിടെയോ ബിലയാം എന്നു പറയുന്ന ഒരു പ്രവാചകൻ ഉള്ളതായി മോവാബ് രാജാവായ ബാലാക്കിന് അറിവു കിട്ടി. അയാൾ പറയുന്നതൊക്കെയും ഒത്തുവരുമത്രെ! പുറജാതികളുടെ ഇടയിൽ ജീവിച്ചിരുന്ന ബിലയാം ലക്ഷണവിദ്യ അഭ്യസിച്ചിരുന്നവനും ഭാവിഫലം പറയുന്നതിൽ നിപുണനുമായി

രുന്നു. “ആഭിചാരം യാക്കോബിനു പറ്റുകയില്ല, ലക്ഷണവിദ്യ യിസ്രായേലിനോട് ഫലിക്കുകയുമില്ല” എന്നു പറയുന്നതിൽ നിന്നും (സംഖ്യ.23:23) ബിലയാം ആഭിചാരം ചെയ്യുന്നവനായിരുന്നെന്നു അനുമാനിക്കാം. (ബിലയാം ഒരു ജാതീയ പ്രവാചകനായിരുന്നുവെങ്കിലും യഹോവയെക്കുറിച്ച് അറിവുള്ളവനായിരുന്നു). സാത്താൻ താനും വെളിച്ചദൂതൻെറ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവൻെറ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമില്ല” (2കൊരി. 11:14,15). ‘ബിലയാം’ എന്ന വാക്കിൻെറ അർഥം ‘വിഴുങ്ങിക്കളയുന്നവൻ’ അഥവാ ‘ആശയക്കുഴപ്പമുണ്ടാക്കുന്നവൻ’ എന്നാണ്. അയാളെ വിളിച്ചു കൊണ്ടു വന്ന് ഈ ജനത്തെ ശപിച്ചാൽ അനായാസമായി അവരെ തോല്പിക്കുവാൻ കഴിയും. അതുകൊണ്ട് ബിലയാമിനെ ക്ഷണിക്കുവാനായി മോവാബ്യ മൂപ്പന്മാരെയും മിദ്യാന്യ പ്രഭുക്കന്മാരെയും കയ്യിൽ പ്രശ്നദക്ഷിണയുമായി പെഥോരിലേക്കു അയച്ചു. പെഥോർ മെസപ്പൊത്തോമ്യയിലാണ് (ആവ.23:4).

ബിലയാമിന് ദൈവത്തെക്കുറിച്ചു ചില അറിവുണ്ടായിരുന്നെങ്കിലും ഹൃദയം കൊണ്ടു വളരെ അകലെ ആയിരുന്നു. ബിലയാം അവരോടു “ദൈവത്തോടു ആലോചന ചോദിച്ചിട്ടു വരാം എന്നു പറഞ്ഞു”. ദൈവം ബിലയാമിനോടു “നീ അവരോടുകൂടെ പോകരുതു; ആ ജനത്തെ ശപിക്കയും അരുതു; അവർ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു എന്നു കല്പിച്ചു” (സംഖ്യ.22:12). ബിലയാം മോവാബ്യ മൂപ്പന്മാരോടും മിദ്യാന്യ പ്രഭുക്കന്മാരോടും:“ഞാൻ വരികയില്ല, നിങ്ങളോടുകൂടെ പോരുവാൻ യഹോവ എനിക്ക് അനുവാദം തരുന്നില്ല എന്നു പറഞ്ഞു”.

ബിലയാം വരികയില്ലെന്ന് ബാലാക് രാജാവ് അറിഞ്ഞപ്പോൾ, ബിലയാം ചോദിക്കുന്ന വെള്ളിയും പൊന്നും കൊടുക്കാമെന്നു പറഞ്ഞ് അവരെക്കാൾ മാന്യന്മാരായ പ്രഭുക്കന്മാരെ ബിലയാമിൻെറ അടുക്കലേക്ക് അയച്ചു. അപ്പോൾ ബിലയാം: “ഞാൻ ഒന്നുകൂടി യഹോവയോട് ആലോചന ചോദിക്കട്ടെ” എന്നു പറഞ്ഞു. വെള്ളി, പൊന്ന്, കൊട്ടാരം, സമ്പത്ത്, ഇങ്ങനെ ഓരോന്നും മനസ്സിൽ മാറി മാറി വന്നു. ഇതെല്ലാം കിട്ടുമെന്നു കേട്ടപ്പോൾ എന്തെങ്കിലും പഴുതുണ്ടോ എന്നു നോക്കി ബിലയാം പിന്നെയും പ്രാർത്ഥിക്കുകയാണ്. സ്ഥാനമാനങ്ങൾ,



കണ്ടാൽ ആരെങ്കിലും പേടിക്കുമോ? സഭ ലോകത്തിൻെറ തോളിൽ കൈയ്യിട്ട് നടക്കുകയാണ്. ഒരു ഭക്തൻ പറഞ്ഞിരിക്കുന്ന ഉപമാനം ഇങ്ങനെയാണ്. നിറയെ ചരക്കുമായി പോകുന്ന ഗുട്സ് ട്രെയിൻ—ചരക്ക് കൊണ്ടുപോയി ഇറക്കിയിട്ട് തിരികെ ഒന്നും ഇല്ലാതെ പോകുമ്പോഴും ചൂളം നീട്ടി വിളിച്ചുകൊണ്ടാണ് പോകുന്നത്, വലിയ ശബ്ദവും ഉണ്ട്. ആ പോക്കു കണ്ടാൽ തോന്നും, നിറയെ സാധനങ്ങളുമായി പോവുകയാണെന്ന്. എന്നാൽ ഒന്നുമില്ല—ശൂന്യമാണ്. നമുക്ക് ഇന്ന് എല്ലാം ഉണ്ട്. ആരാധനയുണ്ട്, പ്രാർത്ഥനയും ഉപവാസ പ്രാർത്ഥനയുമുണ്ട്, ബൈബിൾ ക്ളാസ്സുണ്ട്. എന്നാൽ ഇതെല്ലാം ഒരു ആചാരമായി, അനുഷ്ടാനമായി, അധരചർവ്വണമായി അധ:പതിച്ച് അതിൻെറ ആത്മാവിൽ നിന്നും അകന്നു പോയിരിക്കുകയല്ലേ? നമുക്ക് ആത്മീയമായ ചോർച്ച സംഭവിച്ച് ലോകവുമായി ബന്ധപ്പെട്ട് നമ്മുടെ ശക്തി ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. ബിലയാമിൻെറ കാലം മുതൽ ഇന്നുവരെ സംഭവിച്ചു കൊണ്ടിരിക്കുന്നത് അതാണ്.

നമ്മുടെ പൂർവ്വപിതാക്കന്മാരുടെ സഹോദരസ്നേഹവും ഐക്യതയും കണ്ടപ്പോൾ മറ്റുള്ളവർ പറഞ്ഞു: “ഇവർ തമ്മിൽ സ്നേഹമുള്ളവരാണ്, സഹോദരന്മാരണ്; ഇവർ ലോകത്തിൽ നിന്നും വേർപെട്ടവരാണ്”. എന്നാൽ ഇന്നോ? ഇന്ന് ലോകം നമ്മെ നോക്കി വിളിക്കുമോ, “ഇവർ ‘സഹോദരൻമാരാണ്, സ്നേഹിതന്മാരാണ്” എന്ന്? സ്നേഹത്തിൻെറ ശീതളഛായയിൽ ഒന്നിച്ചിരിക്കുന്നവരും സ്നേഹക്കയത്തിൽ മുങ്ങിപ്പൊങ്ങുന്നവരും ഒരുമിച്ച് ജീവിതം പങ്കുവെയ്ക്കുന്നവരും ആണന്ന് ലോകം ഇന്ന് നമ്മെക്കുറിച്ച് സാക്ഷ്യം പറയുമോ?

നമ്മുടെ വേഷഭൂഷാദികളും ജീവിതവും കണ്ടാൽ ദൈവത്തിൽ നിന്നും വേർപെട്ടവർ ആണന്നേ പറയൂ. വേരില്ലാത്ത ചില പാടുകളായി നാം മാറിയിരിക്കുകയല്ലേ? സ്നേഹത്തെക്കുറിച്ചും ഐക്യതയെക്കുറിച്ചും പ്രൗഢഗംഭീരമായ പ്രഭാഷണങ്ങൾ ചെയ്യുവാൻ നമുക്ക് കഴിയുമെങ്കിലും അതൊന്നും പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കാറില്ല എന്നുള്ളത് ഒരു നഗ്നയാഥാർത്ഥ്യമാണ്. കേവലം രണ്ടോ മൂന്നോ അക്ഷരങ്ങ

സേവിച്ചു” (സങ്കീ.106:35). “നിങ്ങൾക്കു കർത്താവിൻെറ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല. നിങ്ങൾക്കു കർത്താവിൻെറ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല. അല്ല, നാം കർത്താവിന്നു ക്രോധം ജ്വലിപ്പിക്കുന്നുവോ?” (1കൊരി.10:21,22). “യിസ്രായേൽ ബാൽപെയോരിനോടു ചേർന്നു; യഹോവയുടെ കോപം യിസ്രായേലിൻെറ നേരെ ജ്വലിച്ചു” (സംഖ്യ.25:3). “അനന്തരം അവർ ബാൽപെയോരിനോടു ചേർന്നു; പ്രേതങ്ങൾക്കുള്ള ബലികളെ തിന്നു” (സങ്കീ.106:28); ബാൽ-പെയോരിൽ എത്തിയപ്പോൾ അവർ തങ്ങളെത്തന്നെ ലജ്ജാബിംബത്തിന്നു ഏല്പിച്ചു; അവരുടെ ഇഷ്ടദേവനെപ്പോലെ മ്ളേച്ഛതയുള്ളവരായ്ത്തീർന്നു” (ഹോശ.9:10); പെയോർ സംബന്ധിച്ചുണ്ടായ അകൃത്യം നമുക്കു പോരായോ?” (യോശു.22:17).

ബിലയാം ഈ ഉപദേശം ബാലാക്കിനു പറഞ്ഞു കൊടുത്തിട്ട് സുഖമായി തൻെറ കൊട്ടാരത്തിൽ കഴിയുകയാണ്. ബിലയാം വിചാരിച്ചു, ദൈവം പറഞ്ഞതിന് എതിരായി ഒന്നും പ്രവചിച്ചില്ലല്ലോ. പക്ഷെ പുറകിൽ കൂടി പോയി വേറൊരു പണി പ്രയോഗിച്ചു. പലപ്പോഴും ദൈവമക്കളെ സാത്താന് നേരിട്ട് ആക്രമിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇതുപോലെ ചിലരെ ഉപയോഗിച്ച് അവൻ വിജയം വരിക്കുകയാണ് ചെയ്യുന്നത്. ഇതിന് മുമ്പ് പൂർണ്ണജയം പ്രാപിച്ച യിസ്രായേലിൻെറ ശക്തി പാപം ചെയ്തപ്പോൾ ക്ഷയിച്ചുപോയി. ബിലയാമിൻെറ ഉപദേശം മൂലം 24,000 യിസ്രായേല്യരാണ് കൊല്ലപ്പെട്ടത്. ഒരു ദിവസത്തിൽ 23,000 പേർ വീണുപോയി (1കൊരി.10:8). “അവൾ വീഴിച്ച ഹതന്മാർ അനേകർ; അവൾ കൊന്നുകളഞ്ഞവർ ആകെ വലിയോരു കൂട്ടം ആകുന്നു” (സദൃ.7:26).

പുതിയനിയമ സഭയുടെ ശക്തി തകരുന്നത് ഇങ്ങനെയാണ്. പണ്ട് ശിംശോൻ ദലീലയുടെ മടിയിൽ കിടന്നതുപോലെ ഇന്ന് സഭ ലോകത്തിൻെറ മടിയിൽ കിടക്കുകയാണ്. സാമ്പത്തീകമായി ഉയർന്ന, സംഘടനാപരമായി വളർന്ന ക്രൈസ്തവസഭ ലോകവുമായി കൂട്ടുകെട്ടിലായി തീർന്നു. സഭയെ കണ്ടാൽ ലോകം നടുങ്ങേണ്ടതാണ്. എന്നാൽ ഇന്ന് സഭയെ



പണം, പദവി, ഇത്യാദി കാര്യങ്ങൾ ലഭിക്കുമെന്നു കേട്ടാൽ എന്തും ചെയ്യുവാൻ മടിക്കാത്തവർ ഇന്നും ആത്മീയ ഗോളത്തിലുണ്ട്.

ബിലയാം അനീതിയുടെ കൂലി കൊതിച്ച് (2 പത്രൊസ് 2:16) വീണ്ടും പ്രാർത്ഥിച്ചപ്പോൾ ദൈവം ബിലയാമിനോടു പറഞ്ഞു “നിന്നെ അവർ വിളിപ്പാൻ വന്നിരിക്കുന്നു എങ്കിൽ പുറപ്പെട്ടു അവരോടുകൂടെ പോക; എന്നാൽ ഞാൻ നിന്നോടു കല്പിക്കുന്ന കാര്യം മാത്രമേ ചെയ്യാവൂ”.ബിലയാമിന് സന്തോഷമായി. ഏതായാലും അവരോടുകൂടി പോകുവാനുള്ള അനുവാദം ലഭിച്ചല്ലോ. ബിലയാം ഒരു കഴുതപ്പുറത്തു കയറി യാത്ര ചെയ്യുകയാണ്. എന്തിന്? യിസ്രായേലിനെ ശപിച്ച് പണം വാരിക്കൂട്ടുവാൻ!

ബിലയാം പോകുന്നതുകൊണ്ടു ദൈവത്തിൻെറ കോപം ജ്വലിച്ചു. ദൈവമക്കളെ ശപിക്കുവാൻ പോകുന്ന വഴിയിൽ ബിലയാമിനെ വെട്ടുവാൻ ദൈവദൂതൻ ഊരിപ്പിടിച്ച വാളുമായി നില്ക്കുകയാണ്. എന്നാൽ ദ്രവ്യാഗ്രഹം കൊണ്ട് ബിലയാമിൻെറ കണ്ണു കുരുടായിപ്പോയി. “സമ്മാനം ജ്ഞാനികളുടെ കണ്ണു കുരുടാക്കുന്നു” (ആവ.16:19). ഇന്ന് അനേകരുടെയും കണ്ണു കുരുടായിരിക്കുകയാണ്. തന്നെ വെട്ടിക്കളയുവാനായി ഊരിപ്പിടിച്ച വാളുമായി നില്ക്കുന്ന ദൈവദൂതനെ ബിലയാം കണ്ടില്ലെങ്കിലും കഴുത കണ്ടു. ഇപ്പോൾ കഴുതയ്ക്കാണ് ബിലയാമിനേക്കാൾ കാഴ്ച. ഊരിപ്പിടിച്ച വാളു കണ്ടപ്പോൾ കഴുത വഴിയിൽ നിന്നും മാറി വയലിലേക്കു പോയി. ഉടനെ കഴുതയെ ബിലയാം അടിച്ച് വഴിയിലേക്ക് തിരിച്ചു. പിന്നെയും കുറെ ദൂരം കൂടി ചെന്നപ്പോൾ ഒരു ഇടുക്കുവഴിയിൽ വെച്ച് യഹോവയുടെ ദൂതൻ ഊരിപ്പിടിച്ച വാളുമായി നില്ക്കുന്നതു കണ്ട് കഴുത ബിലയാമിൻെറ കാൽ മതിലിനോടു ചേർത്തു ഞെക്കി. ബിലയാം ഇതൊന്നും കാണാതെ വീണ്ടും കഴുതയെ അടിക്കുകയാണ്. ബിലയാമിന് ആകെ കാണുവാൻ കഴിയുന്നത് ബാലാക്കു രാജാവു കൊടുക്കുവാൻ പോകുന്ന വെള്ളിയും പൊന്നും സമ്മാനങ്ങളുമാണ്. “രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല” എന്നു കർത്താവു പറഞ്ഞത് ബിലയാമിൻെറ ജീവിതത്തിൽ എത്രയോ അന്വർത്ഥമാണ്!

പിന്നെ യഹോവയുടെ ദൂതൻ മുമ്പോട്ടു ചെന്നു ഇടത്തോട്ടും വലത്തോട്ടും മാറുവാൻ വഴിയില്ലാത്ത ഒരു ഇടുക്കിൽ നിന്നു. അപ്പോഴും ബിലയാം കണ്ടില്ല. കഴുത കണ്ടു. കഴുത ഇതു കണ്ടിട്ട് കീഴോട്ടു കിടന്നു. കഴുത കിടന്നതുകൊണ്ട് ബിലയാമിന്റെ തല പോയില്ല. കാഴ്ചപ്പാടില്ലാത്ത ബിലയാം കോപിച്ച് പിന്നെയും കഴുതയെ അടിക്കുകയാണ്. "ബുദ്ധിഭ്രമം പിടിച്ച ബിലയാം" എന്നാണ് പത്രൊസ് വിശേഷിപ്പിച്ചിരിക്കുന്നത് (2പത്രൊ.2:16). ഉരിയാടാക്കഴുതകൾ ഉരിയാടുമ്പോൾ 'ബിലയാം'-മാർ അവരെ അടിക്കരുതേ!

അങ്ങനെ മൂന്നു പ്രാവിശ്യം കഴുതയെ അടിച്ചപ്പോൾ ഒരു അത്ഭുതം സംഭവിച്ചു. ലോകത്തിൽ അതിനു മുമ്പോ അതിനു ശേഷമോ നടന്നിട്ടില്ലാത്ത ഒരു അത്ഭുതം. കഴുതയുടെ വായ് യഹോവ തുറന്നു. മനുഷ്യർ സംസാരിക്കുന്നതുപോലെ കഴുത സംസാരിക്കുവാൻ തുടങ്ങി. (ഇതിനു മുമ്പ് ഏദനിൽ പാമ്പു സ്ത്രീയോടു സംസാരിച്ചതായി നാം കാണുന്നു).

കഴുത ഇങ്ങനെയാണ് പറഞ്ഞത് "നീ എന്നെ ഈ മൂന്നു പ്രാവിശ്യം അടിപ്പാൻ ഞാൻ നിന്നോടു എന്തു ചെയ്തു?" ബിലയാമിന് ഇത് ഒരു അത്ഭുതമായിട്ട് തോന്നിയില്ല. ബിലയാം വളരെ 'കൂൾ' ആയി കഴുതയോട് വർത്തമാനം പറയുകയാണ്. "നിന്നെ അടിച്ചത് എന്തിനാണന്നറിയാമോ? നീ എന്നെ കളിയാക്കിയതുകൊണ്ടാണ്". ആത്മീയ കാഴ്ചപ്പാടില്ലാത്തവർക്ക് ദൈവത്തിന്റെ ഇടപെടൽ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. അത് അസാധാരണ സംഭവമോ ദൈവം ചെയ്യുന്ന അത്ഭുതമോ ആയാലും ആത്മീയരെന്ന് അഭിമാനിക്കുന്നവർക്ക് അതു വിവേചിച്ചറിയുവാൻ സാധിക്കുകയില്ല, പിന്നെയും കഴുതയോട് സംസാരിച്ചുകൊണ്ട് നില്ക്കും.

കഴുത പറഞ്ഞു "ഞാൻ നിന്റെ കഴുതയല്ലിയോ, ഇക്കാലമൊക്കെയും എന്റെ പുറത്തല്ലയോ നീ കയറി നടന്നത്?" ഇത്രയും നാൾ നീ എന്നെ ഉപയോഗിച്ചിട്ട് ഇപ്പോൾ എന്നെ ഉപദ്രവിക്കുകയാണോ? നോക്കൂ കണ്ണു തുറന്നു നോക്കൂ, ദൂതൻ നിന്നെ വെട്ടുവാൻ നില്ക്കുകയാണ്. കഴുത ബിലയാമിന് ഒരു മുന്നറിയിപ്പു കൊടുക്കുകയാണ്. ദൈവം കഴുത മുഖാന്തിരം സംസാരിച്ചു. ഈ ദൂതൻ യേശുക്രിസ്തു ആണെ



ഗ്ഗമേ ഉള്ളൂ. ഇവരുടെ വേർപാട് നഷ്ടപ്പെടുത്തണം. അതിന് അവർക്ക് ഇടർച്ച ഉണ്ടാക്കണം.

തനിച്ചു പാർക്കുന്ന വേർപെട്ട ജനത്തിന്റെ അനുഗ്രഹീതമായ ആത്മീയ അനുഭവങ്ങൾ ഇല്ലാതാക്കിയാൽ അവർ ശാപഗ്രസ്ഥരായി സ്വയം നശിച്ചുകൊള്ളുമെന്ന് ബിലയാം മനസ്സിലാക്കി. തന്റെ നാട്ടിലേക്കു പോയ ബിലയാം ഈ ഉപദേശം പറഞ്ഞു കൊടുക്കുവാൻ വേണ്ടി ബാലാക്കിന്റെ നാട്ടിൽ വന്നു. സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ യിസ്രായേലിനെ ചതിക്കുവാനായി ബാലാക്കിന് ബിലയാം ഈ ഉപദേശം കൊടുത്തു. ബിലയാമിന്റെ ഉപദേശത്തെക്കുറിച്ച് യൂദാ 11-ൽ പറയുന്നത് "കൂലി കൊതിച്ചു ബിലയാമിന്റെ വഞ്ചന" എന്നാണ്. ബിലയാം കൂലി കൊതിച്ച് ഒരു വഞ്ചന ഒരുക്കി. വെളിപ്പാട് 2:14-ൽ അങ്ങനെ ഒരു ഉപദേശത്തെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. "ബിലയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ നിനക്ക് അവിടെ ഉണ്ട്". യിസ്രായേൽ ജനം വിഗ്രഹാർപ്പിതം തിന്നേണ്ടതിനും ദുർന്നടപ്പ് ആചരിക്കേണ്ടതിനും ബിലയാം അവർക്ക് ഇടർച്ച വെച്ചു കൊടുത്തു. പാരിതോഷികമായി ബാലാക്, ബിലയാമിന് ഗ്രഹം നിറയെ വെള്ളിയും പൊന്നും കൊടുക്കുകയും ചെയ്തു. ബിലയാം സമൃദ്ധിയുടെ പടവുകൾ ഓരോന്നായി കയ്യടക്കിക്കൊണ്ട് സന്തോഷവാനായി തന്റെ കൊട്ടാരത്തിൽ കഴിയുകയാണ്.

**ബിലയാമിന്റെ വഞ്ചനയാൽ ജനം നശിക്കുന്നു**

ബിലയാം ബാലാക്കിനു പറഞ്ഞു കൊടുത്ത ഉപദേശം അനുസരിച്ച് യിസ്രായേലിനെ വശീകരിക്കുവാനായി ബാലാക്കിന്റെ നാട്ടിലുള്ള സുന്ദരികളായ സ്ത്രീകളെ ശിത്തീമിലെ യിസ്രായേൽ പാളയത്തിൽ വിട്ടു. യിസ്രായേൽ മോവാബ്യസ്ത്രീകളുമായി പരസംഗം ചെയ്തു. അവർ ജനത്തെ തങ്ങളുടെ ദേവന്മാരുടെ ബലികൾക്കു ക്ഷണിച്ചു. യിസ്രായേൽ ഇവരുടെ ഉത്സവങ്ങൾക്കു പോയി, വിഗ്രഹാർപ്പിതം ഭക്ഷിക്കുകയും ദേവന്മാരെ നമസ്ക്കരിക്കുകയും ചെയ്ത് അവരുടെ വേർപാട് നഷ്ടപ്പെടുത്തി. "അവർ ജാതികളോട് ഇടകലർന്ന് അവരുടെ പ്രവൃത്തികളെ പഠിച്ച് അവരുടെ വിഗ്രഹങ്ങളെയും

ബിലയാം നാലാമതു പ്രവചിച്ചത് ഭാവികാലത്തു സംഭവിക്കുവാൻ പോകുന്നതു സംബന്ധിച്ചായിരുന്നു."ഞാൻ അവനെ ദർശിക്കും, അടുത്തല്ലതാനും. യാക്കോബിൽനിന്നു ഒരു നക്ഷത്രം ഉദിക്കും; യിസ്രായേലിൽനിന്നു ഒരു ചെങ്കോൽ ഉയരും" (സംഖ്യ.24:17). യാക്കോബിന്റെ നക്ഷത്രമായി ഉദിക്കുന്ന കർത്താവ് ചെങ്കോൽ പിടിച്ചുകൊണ്ട് വാഴുമെന്ന് ബിലയാം പ്രവചിച്ചു. കർത്താവിന്റെ ഒന്നാം വരവിൽ യാക്കോബിന്റെ നക്ഷത്രമായും രണ്ടാം വരവിൽ ചെങ്കോലുമായി വാഴും. "അതിന്റെ ശേഷം ബിലയാം ബിലയാം പുറപ്പെട്ട് തന്റെ സ്ഥലത്തേക്കു, മടങ്ങിപ്പോയി; ബാലാക്കും തന്റെ വഴിക്കു പോയി" (സംഖ്യ.24.25).

**യിസ്രായേലിനെ നശിപ്പിക്കുവാനുള്ള ബിലയാമിന്റെ ഉപദേശം**

മുകളിൽ പ്രസ്താവിച്ചിരിക്കുന്നതിന്റെ വെളിച്ചത്തിൽ ബിലയാം ദൈവത്തിന്റെ പ്രവാചകനാണെന്ന് ആരും ധരിച്ചു പോകും. 25-ാം അദ്ധ്യായത്തിൽ ബിലയാമിന്റെ പേര് പറഞ്ഞിട്ടില്ലെങ്കിലും 31-ന്റെ 16-ാം വാക്യത്തിൽ ബിലയാം ആണ് യിസ്രായേൽ ജനത്തെ വലയ്ക്കുവാനായി ഉപദേശിച്ചതെന്നു വ്യക്തമാകുന്നു. ബിലയാം യിസ്രായേലിനെ ശപിക്കേണ്ടതിനു പകരം അനുഗ്രഹിച്ചതുകൊണ്ട് ബാലാക് രാജാവ് പാരിതോഷികമായി ഒന്നും കൊടുക്കുകയില്ല. അതുകൊണ്ട് ബിലയാം ഒരു പണി ചെയ്തു. വീട്ടിൽ പോയ ബിലയാം താൻ പ്രവചിച്ച പ്രവചനത്തെക്കുറിച്ച് ശരിയായി പഠിച്ചു. അപ്പോൾ ബിലയാമിനു മനസ്സിലായി: "തനിച്ചു പാർക്കുന്ന ജനം, ജാതികളുടെ കൂട്ടത്തിൽ അവർ എണ്ണപ്പെടു ന്നില്ല, കാട്ടുപോത്തിനു തുല്യമായ ബലം അവർക്ക് ഉണ്ട്". ഈ ജനത്തിന് ദൈവം സംരക്ഷണം കൊടുക്കുവാൻ കാരണം ഇവർ ലോകത്തിന് അനുരൂപമാകാതെ വേർപെട്ടു തനിച്ചു പാർക്കുന്നതു കൊണ്ടാണ്. ഇവർ ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടാതെ നില്ക്കുന്നതു കൊണ്ടാണ് ഇവർക്കു കാട്ടുപോത്തിനു തുല്യമായ ബലം ഉള്ളത്. ഇവരുടെ വിശുദ്ധിയാണ് ഇവരുടെ ശക്തി. അതുകൊണ്ട് ഇവരുടെ ശക്തി തകർത്ത് ഇവരെ നശിപ്പിക്കുവാൻ ഒരു മാർ



ന്നാണ് വേദപണ്ഡിതന്മാരുടെ അഭിമതം. ബിലയാമിന്റെ കണ്ണു ദൈവം തുറന്നു. ദൂതനെ കണ്ടപ്പോൾ അവൻ സാഷ്ടാംഗം വീണു നമസ്കരിച്ചു. ബിലയാം യഹോവയുടെ ദൂതനോടു താൻ ചെയ്ത പാപത്തിന് ക്ഷമ ചോദിച്ചു. വളരെ പരിഭ്രമിച്ചാണ് ബിലയാം ബാലാക് രാജാവിന്റെ അടുക്കൽ ചെന്നത്.

**ബിലയാമിന്റെ പ്രവചനം (സംഖ്യ.22:41-24:25)**

ബിലയാം ഒരു കുന്നിൽ കയറി യഹോവയ്ക്ക് യാഗം കഴിച്ചപ്പോൾ യഹോവ പ്രത്യക്ഷനായി. യിസ്രായേൽ ജനത്തിന്റെ ഒരു അറ്റം കണ്ടുകൊണ്ട് പുറജാതികളുടെ ഇടയിൽ ജീവിച്ചിരുന്ന ബിലയാം പ്രവചിച്ചു പറഞ്ഞതാണ് സംഖ്യ.23-ന്റെ 7 മുതൽ10 വരെയുള്ള വാക്യങ്ങൾ.

"ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ ശപിക്കും, യഹോവ പ്രാകാത്തവരെ ഞാൻ എങ്ങനെ പ്രാകും?" (സംഖ്യ. 23:8). ആരു ശപിച്ചാലും ദൈവത്തിന്റെ ശാപം ഇല്ലെങ്കിൽ ആ ശാപം ദൈവമക്കൾക്ക് ഏല്ക്കുകയില്ല. സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മെ ആർക്കു ശപിക്കുവാൻ കഴിയും? "യാക്കോബിന്റെ ധൂളിയെ ആർക്കു എണ്ണാം? യിസ്രായേലിന്റെ കാലംശത്തെ ആർക്കു ഗണിക്കാം?" (സംഖ്യ.23:10). അവർ തനിച്ചു പാർക്കുന്നതു കൊണ്ട് അവരുടെ എണ്ണം കുറഞ്ഞു പോകുന്നില്ല. യാക്കോബിന്റെ (യിസ്രായേലിന്റെ) പൊടിയെപ്പോലും എണ്ണുവാൻ കഴിയുകയില്ല. യിസ്രായേലിന്റെ കാലംശത്തെപ്പോലും ആർക്കും ഗണിച്ചെടുക്കുവാൻ കഴിയാത്തവിധം ദൈവം അവരെ വലുതാക്കി. "നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും എന്ന് ബേഥേലിൽ വെച്ച് യാക്കോബിനോട് ദൈവം പറഞ്ഞിരുന്നു" (ഉല്പ.28.14). ആത്മിയ യിസ്രായേലും അപ്രകാരം ആയിരിക്കും (വെളി. 7:9).

"ഭക്തന്മാർ മരിക്കുന്നതുപോലെ ഞാൻ മരിക്കട്ടെ. എന്റെ അവസാനം അവന്റെതുപോലെ ആകട്ടെ" (23:10). ബിലയാമിന്റെ ആഗ്രഹം നല്ലതാണ്, ഭക്തൻ മരിക്കുന്നതു പോലെ മരിക്കുവാൻ വേണ്ടിയാണ് ശരിയായി പ്രവചിക്കു

ന്നതെന്നു താൻ പറഞ്ഞു. ഇതു കേട്ടു കഴിഞ്ഞപ്പോൾ ശപിക്കുവാൻ വിളിച്ചു കൊണ്ടു വന്ന ബാലാക് കോപിച്ചു. "നീ ഈ ചെയ്തത് എന്തു? എൻെറ ശത്രുക്കളെ ശപിപ്പാനല്ലോ ഞാൻ നിന്നെ വരുത്തിയതു? നീയോ അവരെ അനുഗ്രഹിക്കയത്രേ ചെയ്തിരിക്കുന്നു എന്നു പറഞ്ഞു" (വാ.11)..

ഇനിയും വേറെ ഒരു മലയിൽ നിന്ന് അവരെ നോക്കുക, ഒരു പക്ഷെ ആ മലയിൽ നിന്നാൽ കുറച്ചു കൂടി വ്യക്തമായി അവരെ കണ്ട് ശപിക്കാമല്ലോ എന്നു ബാലാക് പറഞ്ഞു. ഇങ്ങനെ അവൻ പിസ്ഗാകൊടുമുടിയിൽ സോഫീം എന്ന മുകൾപ്പരപ്പിലേക്കു കൂട്ടിക്കൊണ്ടു പോയി. മോശെ ഈ പിസ്ഗായുടെ മുകളിൽ നിന്നു കൊണ്ടാണ് വാഗ്ദത്തനാട് കാണുന്നത് (ആവ.34:1, 5). ആ മലയിലും ബിലയാം യാഗം കഴിച്ചു. യഹോവ ബിലയാമിനു പ്രത്യക്ഷനായി അവൻ സുഭാഷിതം ചൊല്ലിത്തുങ്ങിയതു: "സിപ്പോരിൻെറ പുത്രാ, എനിക്കു ചെവി തരിക. വ്യാജം പറയുവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനും അല്ല" (സംഖ്യ.23:18). ഹൃദയം നിറയെ ദുഷ്ടതയും കൈപ്പും വഞ്ചനയും വെച്ചുകൊണ്ട് ഹോമയാഗം കഴിച്ചാൽ ദൈവം പ്രസാദിക്കുമോ? മനുഷ്യർ ഭോഷ്കു പറയുകയും അവസരം പോലെ മാറ്റി പറയുകയും ചെയ്യുന്നതു കൊണ്ടാണ് അനുതപിക്കുന്നത്. ദൈവത്തിനു ഭോഷ്കു പറയുവാൻ കഴിയാത്തതുകൊണ്ട് അവന് അനുതപിക്കേണ്ട ആവശ്യമില്ല. ദൈവത്തിനു ഭോഷ്കു പറയുവാൻ കഴിയുകയില്ല (എബ്രാ.6:18)."അവന്നു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല" (യാക്കോ.1:17).

"യാക്കോബിൽ തിന്മ കാന്മാനില്ല" (വാ.21). യാക്കോബിൽ തിന്മ ഇല്ലേ? പരിശുദ്ധാത്മാവിനു തെറ്റു പറ്റിയതാണോ? ഉപായി എന്ന അപരനാമത്താൽ അറിയപ്പെടുന്ന യാക്കോബ്, ജ്യേഷ്ഠനെയും അപ്പനെയും അമ്മായിയപ്പനെയും കബളിപ്പിച്ചവനാണ്. ഇവിടെ യിസ്രായേലിനെ ഉദ്ദേശിച്ചാണ് യാക്കോബ് എന്നു പറയുന്നതെങ്കിൽ തന്നെയും യിസ്രായേൽ ജനത്തിൻെറ ജീവിതത്തിലും വളരെ തിന്മ ഉണ്ടായിരുന്നു. അവർ മരുഭൂമിയിൽ വെച്ച് മഹാസൗമ്യനായ മോശെയോടും ദൈവത്തോടും മറുതലിച്ച്, മത്സരിച്ച് മഹാദൈവത്തിൻെറ കോപത്തിനു പാത്രീ



ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും....." (എഫെ.1:4-6). സഭയും കർത്താവിൻെറതാണ്. "സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിൻെറ സഭ" (അപ്പൊ.പ്രവൃ.20:28). കർത്താവ് നട്ടതിനെ ആർക്കും തൊടുവാൻ പറ്റുകയില്ല. അവൻ അതിനു ചുറ്റും വേലി കെട്ടിയിരിക്കുകയാണ്.

അടുത്തതായി, ദൈവജനത്തെക്കുറിച്ചുള്ള ഉപമാനം ശ്രദ്ധിക്കുക: "ജലാന്തികെയുള്ള ദേവദാരുക്കൾ പോലെ" (സംഖ്യ. 24:6). ദേവദാരുക്കൾക്ക് ശരാശരി 40 അടി ചുറ്റളവും 100 അടി നീളവും ആയിരം ആണ്ട് ആയുസ്സും ഉണ്ട്. ഇതു ഒരു വിശ്വാസിയുടെ ശക്തിയെയും അധികാരത്തെയും കാണിക്കുന്നു. നാം അവൻെറ കണ്ണിൻെറ കൃഷ്ണമണി ആണ് (ആവ.32:10; സങ്കീ.17:8). നമ്മെ തൊടുന്നവൻ അവൻെറ കണ്മണിയെ തൊടുന്നു (സെഖ.2:8). പൗലോസ് ക്രിസ്ത്യാനികളായ പുരുഷന്മാരെയും സ്ത്രീകളെയും ഉപദ്രവിക്കുവാനായി പോകുന്ന യാത്രയിൽ കർത്താവു ചോദിക്കുന്നു: "ശൌലേ, ശൌലേ, നീ എന്നെ ഉപദ്രവിക്കന്നതു എന്തു?" (അപ്പോ.പ്രവൃ. 9:3).

ഒരു ബലഹീന വിശ്വാസിയെപോലും വേദനിപ്പിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നത് കർത്താവ് സഹിക്കുകയില്ല. കർത്താവു പറഞ്ഞു "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവൻെറ കഴുത്തിൽ വലിയോരു തിരികല്ലു കെട്ടി അവനെ സമുദ്രത്തിൻെറ ആഴത്തിലേക്കു താഴ്ത്തിക്കളയുന്നതു അവനു നന്നു" (മത്താ.18:6). നമ്മെക്കാൾ അധികാരത്തിലോ, സ്ഥാനത്തിലോ, പ്രായത്തിലോ താഴെ ഉള്ളവർക്കുപോലും നാം ഇടർച്ച വരുത്തുവാൻ പാടില്ല. അപ്പൊസ്തലനായ പൗലോസ് പറയുന്നത് ശ്രദ്ധേയമാണ്:"ക്രിസ്തുവിൻെറ അപ്പൊസ്തലന്മാർ എന്ന അവസ്ഥെക്കു ഘനത്തോടെയിരിപ്പാൻ കഴിവുണ്ടായിട്ടും ഞങ്ങൾ മനുഷ്യരോടു, നിങ്ങളോടകട്ടെ മറ്റുള്ളവരോടാകട്ടെ മാനം അന്വേഷിച്ചില്ല; ഒരു അമ്മ തൻെറ കുഞ്ഞുങ്ങളെ പോറ്റും പോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആദ്രതയുള്ളവരായിരുന്നു" (1തെസ്സ.2:6).

ശപിക്കുകയും വേണ്ട, അനുഗ്രഹിക്കുകയും വേണ്ട എന്നു പറഞ്ഞു" (സംഖ്യ.23:25).

എന്നാൽ ഇനി മറ്റൊരു സ്ഥലത്തു നിന്നു നോക്കുക, അവരെ ശപിപ്പാൻ ദൈവത്തിനു സമ്മതമാകുമായിരിക്കും എന്നു ബാലാക് പറഞ്ഞു. ഈ പ്രാവിശ്യം ലക്ഷണം നോക്കി ശപിക്കുവാൻ ശ്രമിക്കാതെ, ബിലയാം തല ഉയർത്തി നോക്കിയപ്പോൾ യിസ്രായേൽ, ഗോത്രം ഗോത്രമായി പാർക്കുന്നതു കണ്ടു. അപ്പോൾ ദൈവത്തിൻെറ ആത്മാവ് അവൻെറ മേൽ വരികയും പ്രവചിക്കുകയും ചെയ്തു: "യാക്കോബേ നിൻെറ കൂടാരങ്ങൾ, യിസ്രായേലേ, നിൻെറ നിവാസങ്ങൾ എത്ര മനോഹരം. താഴ്‌വരപോലെ അവ പരന്നിരിക്കുന്നു; നദീതീരത്തെ ഉദ്യാനങ്ങൾ പോലെ യഹോവ നട്ടിരിക്കുന്ന ചന്ദനവൃക്ഷങ്ങൾ പോലെ" (24:5-6). യിസ്രായേൽ ജനം ഗോത്രം ഗോത്രമായി, വരിയായി, അടുക്കും ചിട്ടയോടും കൂടി പന്ത്രണ്ടുഗോത്രങ്ങൾ കൂടാരമടിച്ച് പാർക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. അതു കണ്ടപ്പോൾ ബിലയാം ആശ്ചര്യപ്പെട്ടു പോയി. സങ്കീർത്തനം 133-ൻെറ 1-ലും "ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു" എന്നു പറഞ്ഞിരിക്കുന്നത് ആദ്യകാലത്തെ ബ്രദറുകാരെക്കുറിച്ച് അന്വർത്ഥമായിരുന്നു.

ദൈവജനത്തെക്കുറിച്ച് ദൈവവചനം പറയുന്നത് അവർ യഹോവ നട്ടിരിക്കുന്ന ചന്ദനവൃക്ഷങ്ങൾ പോലെയാണന്നാണ്. ഒരു ദൈവപൈതൽ ദൈവം നട്ട ചന്ദനവൃക്ഷമാണ്. ചന്ദനവൃക്ഷത്തിന് ഒരു പ്രത്യേകതയുണ്ട്. ആ വൃക്ഷം വെട്ടുമ്പോഴും നല്ല സുഗന്ധം പരത്തിക്കൊണ്ടിരിക്കും."രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിൻെറ സൗരഭ്യവാസന ആകുന്നു" (2കൊരി.2:15). എന്നാൽ ചാരുപോലെയുള്ള മറ്റു വൃക്ഷങ്ങളുടെ അടുത്തുകൂടെ പോലും പോകുവാൻ സാധിക്കാത്ത നിലയിൽ ചൊറിയുകയും ദുർഗന്ധം വമിക്കുകയും ചെയ്യും. ചന്ദനവൃക്ഷം അങ്ങനെയല്ല. അടുത്തു ചെല്ലുന്നവർക്ക് പരിമളം പരത്തും. ഒരു ദൈവപൈതൽ ദൈവം നട്ട ചന്ദനവൃക്ഷമാണ്. കർത്താവു രക്തം കൊടുത്തു സമ്പാദിച്ച സഭയിലെ അംഗമാണ്. "അവൻ



ഭൂതരായവരാണ് (സംഖ്യ.21:5-9). യിസ്രായേലിൻെറ മരുഭൂപ്രയാണത്തിൻെറ ആദ്യം മുതൽ അവസാനംവരെയും തിന്മ ഉണ്ടായിരുന്നു. മോശെ അതെക്കുറിച്ചു പറയുന്നത് ശ്രദ്ധിക്കുക: "ഞാൻ നിങ്ങളെ അറിഞ്ഞ നാൾമുതൽ നിങ്ങൾ യഹോവയോടു മത്സരികളായിരിക്കുന്നു" (ആവ.9:24). യിസ്രായേലിൽ തിന്മ ഉണ്ട്. എന്നാൽ ദൈവമക്കളുടെ തിന്മ ദൈവം മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടുത്തുകയില്ല. ദൈവം തൻെറ മക്കളെ മറ്റുള്ളവരുടെ മുമ്പിൽ വെച്ച് ഒരിക്കലും അപമാനിക്കുകയില്ല. നാം നമ്മുടെ മക്കളെ സ്നേഹിക്കുന്നുവെങ്കിൽ, അവർ തെറ്റു കാണിച്ചാൽ പോലും പരസ്യമായി ആക്ഷേപിക്കുകയോ അപമാനിക്കുകയോ ചെയ്കയില്ല. സംസ്ക്കാരമില്ലാത്ത വരും പരിജ്ഞാനമില്ലാത്തവരുമേ അങ്ങനെ ചെയ്യൂ. കുഞ്ഞുങ്ങളെ പരസ്യമായി പുകഴ്ത്തുകയും രഹസ്യമായി അവരെ ശാസിക്കുകയുമാണ് ചെയ്യേണ്ടത്. ("Praise your children openly, reprehend them secretly" – W.Cecil) മനുഷ്യരേക്കാൾ ബലവും ശക്തിയും ഏറിയ ദൂതന്മാർ പാപം ചെയ്യുന്നവരുടെ നേരെ ദൂഷണവിധി ഉച്ചരിക്കാതെ, ന്യായമായി വിധിക്കുന്ന കർത്താവിൻെറ സന്നിധിയിൽ കൊണ്ടുപോവുകയാണ് ചെയ്യുന്നത് (2പത്രൊ.2:11). പ്രധാന ദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ചു വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവു നിന്നെ ഭർത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളു (യൂദാ 9). ദൈവം ഒരിക്കലും ശത്രുവിൻെറ മുമ്പാകെ തൻെറ മക്കളുടെ തിന്മ കാണിക്കുകയില്ല. ബാലാക്കിൻെറ മുമ്പിൽ ദൈവം അത് മറച്ചു വെയ്ക്കും. "കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ" (റോമ.4:8); "നാം തൻെറ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരുമാകേണ്ടതിന് അവൻ നമ്മെ തിരഞ്ഞെടുക്കുകയും..." (എഫെ.1:2); "ദൈവം തിരഞ്ഞെടുത്തവനെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം, ശിക്ഷ വിധിക്കുന്നവൻ ആർ?" (റോമ.8:33). മഹാപുരോഹിതനായ യോശുവ, മുഷിഞ്ഞ വസ്ത്രത്തോടെ നില്ക്കുന്നുവെന്ന കുറ്റം സാത്താൻ യഹോവയുടെ സന്നിധിയിൽ ചുമത്തിയപ്പോൾ യഹോവ അവൻെറ അകൃത്യം നീക്കി ഉത്സവവസ്ത്രം ധരിപ്പിച്ചതായി

കാണുന്നു (സെഖ.3:4). തിന്മ ഉള്ളവരാണ് യിസ്രായേൽ ജനം എന്നാൽ ദൈവം അവരോട് ഇടപെടുകയും ശിക്ഷിക്കുകയും. ചെയ്യും. നമ്മുടെ മനോഭാവവും അങ്ങനെ തന്നെ ആയിരിക്കണം. ദൈവമക്കളുടെ കുറ്റം നാം മറ്റുള്ളവരുടെ മുമ്പിൽ കൊട്ടി ഘോഷിക്കരുത്.

ദാവീദിനും ഒരു പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ. വീരനും ശൂരനും ആയിരുന്ന ശൗലിൻെറയും തൻെറ മകനായ യോനാഥാൻെറയും മരണവാർത്ത അറിഞ്ഞ് ദാവീദ് പാടിയ വിലാപഗീതത്തിൽ അവർത്തിച്ചാവർത്തിച്ചു ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്: “വീരന്മാർ പട്ടു പോയത് എങ്ങനെ? ഗത്തിൽ ഇതു പ്രസിദ്ധമാക്കരുതേ. അസ്ക്കലോൻ വീഥികളിൽ ഘോഷിക്കരുതേ; ഫെലിസ്ത്യപുത്രിമാർ സന്തോഷിക്കരുതേ; അഗ്രചർമ്മികളുടെ കന്യകമാർ ഉല്ലസിക്കരുതേ” (2ശമു.1:19-20). എന്നാൽ യിസ്രായേൽമക്കളെ ഈ ഗീതം അഭ്യസിപ്പിക്കുവാൻ പറയുന്നു. “അവൻ യെഹൂദാമക്കളെ ഈ ധനുർഗ്ഗീതം അഭ്യസിപ്പിപ്പാൻ കല്പിച്ചു” (2ശമു.1:18). കാരണം അവർ തെറ്റു ചെയ്തു പട്ടു പോകാതിരിക്കുവാനാണ്. യരുശലേമിൽ ഇത് എല്ലാവരും അറിയണം. എന്നാൽ ഗത്തിൽ പ്രസിദ്ധമാക്കരുത്. ഗോല്യാത്തിൻെറ ജന്മനാടാണ് ഗത്ത്. ഫെലിസ്ത്യരുടെ പട്ടണമാണ് അസ്ക്കലോൻ. അസ്ക്കലോനിലുള്ളവർ, അന്യജാതിക്കാർ ഇത് അറിയരുത്.

“രാജകോലാഹലം അവരുടെ മദ്ധ്യേ ഉണ്ട്” (23:21). രാജാവുള്ളിടത്ത് രാജകോലാഹലവും ഉണ്ടായിരിക്കും. യിസ്രായേൽ ജനത്തിന് ജയം കൊടുക്കുന്ന ദൈവത്തിൻെറ പെട്ടകം പാളയത്തിൽ വരുമ്പോൾ ജനം ആർപ്പിടുമായിരുന്നു. ദൈവം സ്തുതികളിന്മേൽ വസിക്കുന്നവനാണ്. സർഗ്ഗത്തിൽ എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം അത്യുച്ചത്തിൽ ആർത്ത് അറുക്കപ്പെട്ട കുഞ്ഞാടു മാനവും മഹത്വവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു” (വെളി.7:9).

അടുത്തതായി, ഒരു ദൈവപൈതലിൻെറ ശക്തിയെക്കുറിച്ച് ദൈവം ബിലയാമിനു വെളിപ്പെടുത്തി. “കാട്ടുപോത്തിനു തുല്യമായ ബലം അവന് ഉണ്ട്” (സംഖ്യ.23:22). ആനയേക്കാൾ ബലമാണ് കാട്ടുപോത്തിന്. “അതിൻെറ ശക്തി വലി



താകയാൽ നീ അതിനെ വിശ്വസിക്കുമോ?” (ഇയ്യോ.39:10). കാട്ടുപോത്തിനെ കീഴ്പ്പെടുത്തുവാൻ ഒരു മൃഗത്തിനും കഴിയുകയില്ല. പുലിയും കടുവയും കൂടി കാട്ടുപോത്തിനെ കീഴ്പ്പെടുത്തുവാൻ ചെയ്യുന്ന ഒരു പണിയുണ്ട്. വളരെ ദൂരെ നിന്ന് കാട്ടുപോത്തിനെ നോക്കി ഗർജ്ജിക്കും. വേണമെങ്കിൽ കാട്ടുപോത്തിന് ഓടിച്ചെന്ന് ഈ വന്യമൃഗങ്ങളെ കുത്തി താഴെ ഇടാം. എന്നാൽ ഈ കാട്ടുപോത്ത് അഹങ്കരിച്ച് തല കുലുക്കി ഇളകി നാലു കാലും പൊക്കി ചാടും. ഈ പുലികൾ മറ്റൊരിടത്തു മാറി നിന്ന് വീണ്ടും ഗർജ്ജിക്കും. അവിടെയും നിന്നുകൊണ്ട് കാട്ടുപോത്ത് തല കുലുക്കി ചാടും. ഇങ്ങനെ ഈ കാട്ടുപോത്തിനെ ഇളക്കി ക്ഷീണിപ്പിച്ച് അണയ്ക്കുന്നതു വരെ ചാടിച്ചിട്ടാണ് അതിൻെറ നേരെ പുലികൾ ചാടി വീഴുന്നത്. ദൈവപൈതലേ നിനക്കു കാട്ടുപോത്തിനു തുല്യമായ ബലം ഉണ്ട്. യഹോവ ദൈവമായിരിക്കുന്ന ജനത്തിൻെറ ശക്തിയെക്കുറിച്ചാണ് ബിലയാം ഇവിടെ പറയുന്നത്. “കോട്ടകളെ ഇടിക്കുവാൻ കഴിയുന്ന ശക്തി” എന്നു പൗലോസും പറയുന്നു. എന്നാൽ സാത്താൻെറ തന്ത്രങ്ങളിൽ നാം കുടുങ്ങിപ്പോകരുത്. ഒരു ദൈവപൈതലിൻെറ ശക്തി ക്ഷയിപ്പിക്കുക എന്നതാണ് സാത്താൻെറ തന്ത്രം.

“ആഭിചാരം യാക്കോബിനു പറ്റുകയില്ല. ലക്ഷണവിദ്യ യിസ്രായേലിന് ഫലിക്കുകയും ഇല്ല” (സംഖ്യ.23:23). ദൈവമക്കൾക്ക് എതിരായി ദുഷ്ടാത്മസേനകളുടെ പ്രവർത്തനം നടക്കുമ്പോൾ തന്നെ ദൈവമക്കളെ കാക്കുവാനായി ദൈവത്തിൻെറ ദൂതന്മാരുടെ ഒരു സേന തന്നെ ഉള്ളതുകൊണ്ട് ദൈവകൃപയിൽ നില്ക്കുന്നവർക്ക് മന്ത്രപ്രയോഗവും ക്ഷുദ്രപ്രയോഗവും ഒന്നും ഫലിക്കുകയില്ല. “ഒരു ബാധയും നിൻെറ കൂടാരത്തിന് അടുത്തു വരികയില്ല” (സങ്കീ.91:10).“നിനക്ക് വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല” (യെശ.54.17). മിസ്രയീമിലെ മന്ത്രവാദികളുടെ വടികളെ മോശെയുടെ (യഹോവയുടെ) വടി വിഴുങ്ങി. ദൈവമക്കൾക്ക് എതിരായി നില്ക്കുന്നവനെ ദൈവം മാറ്റിക്കൊള്ളും. “ദൈവം എന്തെല്ലാം പ്രവർത്തിച്ചിരിക്കുന്നു” എന്നു പറഞ്ഞ് ബിലയാം ആ പ്രവചനം അവസാനിപ്പിച്ചു. അപ്പോൾ ബാലാക് ബിലയാമിനോടു: “അവരെ